

# രക്ഷകനായ ദൈവം

2

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

## പാഠം 4

# പാപംമൂലം വന്ന ശിക്ഷ



ഒരു ദിവസം വൈകുന്നേരം ദൈവം ആദത്തെയും ഹവ്വായെയും കാണുവാൻ ഏദൻതോട്ടത്തിൽ വന്നു. എന്നാൽ ദൈവത്തിന്റെ കാലൊച്ച കേട്ടപ്പോൾത്തന്നെ അവർക്കു പേടിയായി.

ആദവും ഹവ്വായും അവിടുത്തെ

**മുൻപിൽനിന്നു മാറി**

**തോട്ടത്തിലെ മരങ്ങൾക്കിടയിൽ ഒളിച്ചു.**

ദൈവകല്പന ലംഘിച്ചതിനാൽ
ദൈവത്തിന്റെ മുൻപിൽ വരാൻ
അവർക്ക് ധൈര്യം ഉണ്ടായില്ല.

ദൈവകല്പന ലംഘിച്ച
തെറ്റിനു ദൈവം അവരെ
തോട്ടത്തിൽ നിന്നു
പുറത്താക്കി.

എങ്കിലും അവരോടു കരുണ
തോന്നിയ ദൈവം
അവർക്ക് രക്ഷ വാഗ്ദാനം ചെയ്തു.

ദൈവം നമ്മെ ഓരോരുത്തരെയും സ്നേഹിക്കുന്നു. നമ്മൾ പാപം ചെയ്യുമ്പോൾ ദൈവം വേദനിക്കുന്നു.

**പാപം സന്തോഷം ഇല്ലാതാക്കുന്നു.**

തെറ്റുകൾ ചെയ്ത് നാം ദൈവത്തിൽ നിന്ന് അകന്നുപോയാലും

# ദൈവം നമ്മെ അന്വേഷിച്ചു വരും



നമ്മുടെ ദൈവം അന്വേഷിച്ചു വരുന്ന ദൈവമാണ്.




# നമുക്കു പാടാം

**പാപിയാമെന്നെ തേടുന്നോനെ**
**പേർചൊല്ലിയെന്നെ വിളിപ്പവനേ**
**അങ്ങല്ലോ എന്നുടെ നല്ല ദൈവം**
**ദൈവമേ ഞാനങ്ങേ സ്നേഹിക്കുന്നു.**

# ചിത്രം നോക്കി കഥ പറയാമോ?








# നമുക്കുപ്രാർത്ഥിക്കാം

**ഞങ്ങളെ തേടിവരുന്ന സ്നേഹപിതാവായ**
**ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

# എന്റെ തീരുമാനം

**പാപം ചെയ്ത് ഞാൻ ദൈവത്തെ വേദനിപ്പിക്കുകയില്ല.**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* പാപം ചെയ്തതുകൊണ്ട് ആദവും ഹവ്വയും ദൈവത്തിന്റെ മുൻപിൽ നിന്നു മാറി ഒളിച്ചു.

* ആദവും ഹവ്വയും തന്നിൽ നിന്നകന്നപ്പോൾ ദൈവം വേദനിച്ചു.





* ദൈവം അവരെ അന്വേഷിച്ചിറങ്ങി.

* ദൈവം അവരെ ശിക്ഷിച്ചുവെങ്കിലും അവരോടു കരുണ കാണിച്ചു.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* തെറ്റുചെയ്താലും നമ്മെത്തേടി വരുന്ന, സ്നേഹിക്കുന്ന ദൈവത്തെ നാമും സ്നേഹിക്കണം.

* ശിക്ഷിച്ചാലും കരുണകാണിക്കുന്ന ദൈവത്തോടു നന്ദിയുള്ളവരാകണം.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* തെറ്റുകൾ ചെയ്തു ദൈവത്തെ വേദനിപ്പിക്കരുത്.

* കരുണയുള്ള ദൈവത്തെപ്പോലെ ഞാനും മററുള്ളവരോടു കരുണ കാണിക്കണം.




THANK
YOU